©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 ഫെബ്രുവരി 10
10th February 2026
1201 മകരം 27
27th Makaram 1201
1947 മാഘം 21
21st Magha 1947

നമ്പർ
No.
577

1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6 (1) വകുപ്പ് പ്രകാരമുള്ള പരസ്യം

നമ്പർ -(എൽ. എ)സി -379/2025 *2026 ഫെബ്രുവരി 06*

താഴെ പറയുന്ന താലൂക്കിലെ താഴെ പറയുന്ന വില്ലേജിലെ താഴെപറയുന്ന സർവ്വെ നമ്പരുകളിൽപ്പെടുന്ന ഭൂമിയുടെ സർവ്വെ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദശിക്കുന്നതിനാൽ താഴെപ്പറയുന്ന വില്ലേജിലെ സർവ്വെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും, താഴെപ്പറയുന്ന വില്ലേജിലെ സർവ്വേ നമ്പരുകൾ അതിർത്തി തിരിച്ച് സർവ്വേ ചെയ്യുന്നതാണെന്നും 1961-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെപ്പറയുന്ന ഭൂമിയുടെ ഉള്ളിലോ അഥവാ അവയോടു ചേർന്ന് സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്നോ തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വേയറുടെ അടുത്ത് ഹാജരാക്കുന്നതിനും അതിരുകൾ കാണിച്ചു കൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതാതുസമയം ആവശ്യപ്പെടുമ്പോൾ ഹാജരാക്കുന്നതിനുംവേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2) എന്ന വകുപ്പുപ്രകാരം ഈ പരസ്യം താഴെപ്പറയുന്ന ഭൂമികളിൽ അവകാശ ബന്ധമുള്ള ഏതൊരാൾക്കും സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3) എന്ന വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും:

(എ) സർവ്വെ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുറ്റിക്കാടുകളോ വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചു കളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും;

(ബി) കൊടിപിടിക്കുന്നവരെയും ചെയിൻമാൻമാരെയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും;

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റുപ്രകാരത്തിൽ പ്രസ്തുത ആക്ടോ, അതു പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ചവരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാണ്.

ഭൂമിയുടെ വിശദവിവരങ്ങൾ

ജില്ലകൾ – തൃശ്ശൂർ, പാലക്കാട്

ക്രമ നമ്പർ	*ജില്ല/താലൂക്ക്/വില്ലേജ്*	*സർവ്വെ നമ്പർ*	*ബ്ലോക്ക് / ദേശം*	*ഭൂമിയുടെ വിസ്തീർണ്ണം (Hectares)*
1	തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, പല്ലൂർ വില്ലേജ് (കൊണ്ടയൂർ വശം)	628/1, 628/2, 628/4, 628/5, 628/6, 629/1, 629/2	പല്ലൂർ ദേശം	0.3020
2	പാലക്കാട് ജില്ല,	404/8, 404/10, 410/1, 410/8,	33	0.7995

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	പട്ടാമ്പി താലൂക്ക്, ഓങ്ങല്ലൂർ - 2 വില്ലേജ് (ഓങ്ങല്ലൂർ വശം)	411/3, 412/7, 413/1, 413/3, 413/4, 414/4, 414/6, 416/1, 416/13, 418/1, 418/2		
	ആകെ			1.1015

(ഒപ്പ്)

സ്പെഷ്യൽ തഹസിൽദാർ,
(LA KI I FB) പാലക്കാട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.10 07:18:01 +05:30